ഡിസ്ക്ഷനിലുമൊക്കെ ജനാധിപത്യപരമായ രീതി അവലംബിക്കുന്നില്ലെന്നുള്ള കാര്യം ഞാൻ സമ്മതിക്കുന്നു. അത് കുറച്ചുകൂടി ഭംഗിയായ രീതിയിൽ, ജനാധിപത്യപരമായ രീതിയിൽ പെരുമാറണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. കാസർകോട് പത്തയ്യായിരം പേർ കൂടിയ ഒരു പൊതുയോഗത്തിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരസ്യമായി പറയുകയും ചെയ്തിട്ടുണ്ട്. ഞാനും എന്റെ വ്യക്തിപരമായ അഭിപ്രായം വൈസ് ചാൻസലറോട് സൂചിപ്പിച്ചിട്ടുണ്ട്.

(2) കൊതുകുശല്യംമൂലം കൊച്ചി നഗരത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്

ശ്രീ. ജോർജ്ജ് ഈഡൻ : സർ, വിശാല കൊച്ചിയിലെ അതിരൂക്ഷമായ കൊതുകു ശല്യത്തിലേക്കും, അതുമൂലം പടർന്നുപിടിക്കാനിടയുള്ള മാരകമായ പകർച്ച വ്യാധികളിലേക്കും ഞാൻ ഗവൺമെന്റിന്റേയും, സഭയുടേയും ശ്രദ്ധ ക്ഷണിക്കുന്നു. കൊച്ചിയിലെ കൊതുകു ശല്യം പണ്ടേ കുപ്രസിദ്ധമാണെങ്കിലും, ഇപ്പോൾ രാത്രിയെന്നോ പകലെന്നോ വ്യത്യാസമില്ലാതെ കൊതുകുകൾ നഗരവാസികളെ വേട്ടയാടുകയാണ്. "അവളെ പേടിച്ച് ആരും നേർവഴി നടപ്പീല" എന്നു പറഞ്ഞതുപോലെ കൊച്ചിയിലെ കൊതുകുകളെ പേടിച്ച് മന്ത്രിമാർ പോലും എറണാകുളത്ത് തങ്ങാറില്ല എന്നുള്ളതാണ് സത്യം. ബഹുമാന്യനായ മന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി തന്നെ എറണാകുളത്ത് ഒരു പൊതു ചടങ്ങിൽ വച്ച് പറഞ്ഞു, ഞാനിപ്പോൾ കൊതുകിനെ പേടിച്ച് എറണാകുളത്ത് താമസിക്കാറില്ലെന്ന്. അതുകൊണ്ട് എനിക്ക് മന്ത്രിമാരോട് പറയാനുള്ളത്, കൊച്ചി നഗരവാസികളുടെ ഈ രൂക്ഷമായ കൊതുകുശല്യം നേരിട്ട് അനുഭവിക്കാൻ നിങ്ങളെല്ലാവരും ഒരു ആഴ്ച എ. സി. ഇല്ലാതെ ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ താമസിക്കണമെന്നാണ്. രക്തം കുടിച്ച് അലോസരപ്പെടുത്തുകയും, മൂളിപ്പാട്ടുമായി വട്ടമിടുകയും ചെയ്യുന്ന കൊതുകും മാരകമായ രോഗങ്ങളും നഗരവാസികളിൽ പടർത്താനുള്ള സാധ്യതകളും ഏറെയാണെന്ന് ശാസ്ത്രജ്ഞൻമാർ അഭിപ്രായപ്പെടുന്നു. ആലപ്പുഴയിലും, കോട്ടയത്തും ജപ്പാൻ മസ്തിഷ്ക രോഗംമൂലം നിരവധി പേർ മരിച്ചതിന്റെ ഞെട്ടലിൽനിന്നും ജനങ്ങൾ വിമുക്തരായിട്ടില്ല. കൊച്ചിയിൽ ഇത്തരം രോഗങ്ങൾ പടർന്നാൽ കൂട്ടമരണം ഉണ്ടാകും. ഈ അടുത്ത കാലത്ത് ബോംഗാട്ടി പാലസിൽ ഉത്തരേന്ത്യക്കാരായ രണ്ടു യുവമിഥുനങ്ങൾ ഹണിമൂൺ ആഘോഷിക്കാനായിട്ടു വന്നു. പാതിര കഴിഞ്ഞപ്പോൾ വധുവിനെ കാണാനില്ല. കൊതുകിന്റെ ശല്യം മൂലം സ്വന്തം ഭർത്താവിനെപ്പോലും ഉപേക്ഷിച്ച് യു. പി. ക്കാരി നാട്ടിലേക്ക് കടന്നുവെന്ന് പത്രത്തിലൊക്കെ ചിത്രങ്ങൾ സഹിതം വന്നതാണ്.

മി. സെപ്യൂട്ടി സ്പീക്കർ : ഈഡൻ എന്താ പറഞ്ഞത് ? കൊതുക് കടി അത്ര സുഖകരമാണോ ?

ശ്രീ. ജോർജ്ജ് ഈഡൻ : കൊതുക് കടി പേടിച്ചാണ് ഭർത്താവിനെപോലും ഉപേക്ഷിച്ചുപോയത്. കൊച്ചിയിൽ എന്നെ കൊണ്ടുവന്ന് ഇങ്ങനെ ഒരു മധുവിധു ആഘോഷിച്ചല്ലോ ഒടുങ്ങാൻ എന്നുള്ള രീതിയിലാണ് ഭാര്യ ഭർത്താവിനെ ഉപേക്ഷിച്ചു പോയത്. കൊതുകുകളെ നശിപ്പിക്കാൻ ബാദ്ധ്യസ്ഥരായ കൊച്ചി നഗരസഭ കൊതുകു വലയ്ക്കുള്ളിൽ കുംഭകർണ്ണനെപ്പോലെ ഉറങ്ങുകയാണ്. ചർച്ചകളും, സെമിനാറുകളും ഈ വിഷയത്തിൽ സംഘടിപ്പിക്കുകയല്ലാതെ നഗരസഭ പ്രായോഗികമായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നുള്ളതു വേദകരമാണ്. കൊതുകുകളുടെ ഉൽഭവം, അവയുടെ

LIBRARY ARCHIVES Kerala Legislative Assembly

ആയുസ്, ഇവയെ ഉന്മൂലനം ചെയ്യാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ച് നാളിതുവരെയായി ഒരു പഠനവും നടന്നിട്ടില്ല. ആരൊക്കെയോ ചില അഭിപ്രായങ്ങൾ പായുന്നുവെന്നല്ലാതെ ആർക്കും കൊതുകിനെപ്പറ്റി യാതൊരു വിവരവുമില്ല. അതുകൊണ്ട് എനിക്ക് പറയുവാൻ ഉള്ളത് കൊതുകുകളെപ്പറ്റി ശാസ്ത്രീയമായി ഗവേഷണം നടത്താനും മരുന്നു കണ്ടുപിടിക്കാനും വേണ്ടി കൊച്ചി കേന്ദ്രമാക്കി ഒരു ഗവേഷണകേന്ദ്രം അടിയന്തിരമായി തുറക്കണമെന്നാണ്. 1709-ൽ ക്ലാർക്ക് എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞൻ കൊച്ചിയിൽ വന്ന് ഗവേഷണം നടത്തുകയും മന്ത്, മലമ്പനി എന്നീ രോഗങ്ങളെപ്പറ്റി റിപ്പോർട്ട് നൽകുകയും ചെയ്തു. അദ്ദേഹം മന്തിനു നൽകിയ പേര് മലബാർലക്സ് എന്നാണ്. പ്രധാനമായും നാലിനം കൊതുകുകളാണ് ഉള്ളത്. ഈഡിസ് ഈജിപ്ഷ്യ, മാൻസോണിയ, ക്യൂലക്സ് അനോഫിലിസ്. അതിൽ അനോഫിലിസ് തന്നെ 45 തരം ഉണ്ട്. ക്യൂലക്സ് 4 തരം. ഇവരിൽ പെൺ അനോഫിലിസ് മലമ്പനിയും, ക്യൂലക്സ് മന്ത് രോഗവും പരത്തുന്നു. ഈഡിസ് ഈജിപ്ഷ്യ എന്ന ഇനം കൊതുകുകളാണ് മഞ്ഞപ്പനി പരത്തുന്നത്. ദക്ഷിണാഫ്രിക്ക പോലുള്ള ചില വിദേശ രാജ്യങ്ങളിൽ ഈ മഞ്ഞപ്പനി ഒരു പകർച്ചവ്യാധിയാണ്. അത്തരത്തിലുള്ള ഏതെങ്കിലും വിദേശികൾ കൊച്ചിയിൽ വന്നിറങ്ങിയാൽ മഞ്ഞപ്പനി വാഹകരായ ഒട്ടേറെ കൊതുകുകൾ കൊച്ചിയിലുണ്ടാകാൻ സാധ്യതയുണ്ടെന്ന് ശാസ്ത്രജ്ഞൻമാർ പറയുന്നു. അങ്ങനെ ഈ രോഗം കൊച്ചിയിൽ പടർന്നു പിടിക്കാൻ സാധ്യതയുണ്ട്. വെജിറ്റേറിയൻ, നോൺവെജിറ്റേറിയൻ എന്നിങ്ങനെ പലതരത്തിലുള്ള കൊതുകുകളാണ് ഇറങ്ങിയിട്ടുള്ളത്. അതിൽ സ്വാമി കൊതുകുകളെന്നറിയപ്പെടുന്നവ രക്തം കുടിയ്ക്കില്ലെങ്കിലും നമ്മളെ ഉറങ്ങാൻ അനുവദിക്കാതെ വന്നു മൂളി ശല്യപ്പെടുത്തും. 11 കിലോമീറ്റർ വരെ പറക്കാൻ കഴിവുള്ള കൊതുകുകളും കൊച്ചിയിലുണ്ട്. വൈപ്പിൻകരയാണ് ഇതിന്റെ ഉറവിടം. വൈപ്പിൻ കരയിലെ കണ്ടൽക്കാടുകൾ ഈ കൊതുകുകളുടെ നഴ്സറിയായി മാറിയിരിക്കുകയാണ്. ഏതാനും നാളുകൾക്കുമുമ്പ് വൈപ്പിൻ ദ്വീപു നിവാസികൾ, സ്ത്രീകളും, കുട്ടികളും ഒന്നടങ്കം ഒരു കൊതുക് സമരം തന്നെ നടത്തുകയുണ്ടായി. പത്രങ്ങളിലെല്ലാം വലിയ വാർത്തയായിരുന്നു അത്. വൈപ്പിൻ കരയിലുള്ള കണ്ടൽക്കാടുകളിൽ നിന്നും കൊതുകുകൾ കൂട്ടമായി 11 കിലോമീറ്റർ പറന്ന് നഗരത്തിലേക്കു വരുന്നുവെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതുവരേയും കൊച്ചി നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തലതിരിഞ്ഞ ചില നടപടികളാണ് അവർ എടുക്കാൻ തീരുമാനിച്ചിരിക്കുന്നത്. കൊതുകുകൾക്ക് ജനറിക് കൺട്രോൾ ഉണ്ടാകണമെന്ന് ശാസ്ത്രജ്ഞൻമാർ പറയുമ്പോൾ, കൊച്ചി നഗരസഭ കൊതുക് നിയന്ത്രിക്കാൻ അവയ്ക്ക് വാസക്ടമി ശസ്ത്രക്രിയ നടത്തുക, കൊതുകുകൾക്ക് കാമസൂത്ര കോഹിന്നൂർ, നിരോധ് തുടങ്ങിയ ഗർഭ നിരോധന ഉറകൾ കൊടുക്കുക, അണ്ഡാശയം മറിച്ചിടുക ഇങ്ങനെ പല പല പരിപാടികളുമായിട്ടാണ് കൊച്ചി നഗരസഭ ഇറങ്ങിയിരിക്കുന്നത്. ആമത്തിരിയും, കോഴിത്തിരിയും ഗുഡ്നൈറ്റും കൊതുകിന് ശീലമായിക്കഴിഞ്ഞിരിക്കുന്നു. കൊതുക് മൈൻഡ് ചെയ്യുന്നില്ല. കൊച്ചി നഗരസഭയുടെ കുറ്റകരമായ അനാസ്ഥ ഒഴിവാക്കണം. അതിന് ഫലപ്രദമായ നടപടികൾ ഉണ്ടാകണം. സാധാരണ ഗതിയിൽ നഗരസഭകളുടെ പ്രവർത്തനമാണ് നഗരം ശുചിയായി സൂക്ഷിക്കുക എന്നുള്ളത്. ഇത്തരത്തിൽ ഒരു പണിയും കൊച്ചി നഗരസഭ ചെയ്യുന്നില്ല. പണ്ട് കൊതുകിന് ബയോടെക് എന്ന മരുന്നടിയ്ക്കാൻ ആളുകൾ സ്പ്രേയറുമായി ഇറങ്ങുമായിരുന്നു. അവർ കുറെ വീടുകളിൽ കയറി അഞ്ച് രൂപ വച്ചു പിരിച്ച്, എന്തെങ്കിലും കുറെ അടിച്ചിട്ട് പോകും. കഴിഞ്ഞ ദിവസം എന്റെ വീട്ടിൽ വന്ന ഒരാളിനോട് ഞാൻ ചോദിച്ചു, അതിനകത്ത്

LIBRARY ARCHIVES Kerala Legislative Assembly

എന്താണെന്ന്. കൊതുകിനെ കൊല്ലാൻ ഫിനോയിൽ അടിച്ചുകൊണ്ടിരിക്കുകയാണെന്നു പറഞ്ഞു. കേന്ദ്രത്തിൽ നിന്നും മരുന്ന് കിട്ടുന്നില്ലെന്നും സംസ്ഥാന സർക്കാർ സഹായിക്കുന്നില്ലെന്നും പറഞ്ഞു. കൊച്ചിൻ കോർപ്പറേഷൻ കൈ ഒഴിയുകയാണ്. പോണ്ടിച്ചേരിയിലെ വെക്ടർ കൺട്രോൾ സ്ഥാപനത്തിലെ ഡയറക്ടർ ഡോ. കുന്തളാദേവി, ലാർവയെ തിന്നുന്ന പുതിയ ജീവിയെ കണ്ടുപിടിച്ചിട്ടുണ്ട്. അത് വളരെ എഫക്ടീവ് ആണെന്ന് അവർ കൊച്ചിൻ കോർപ്പറേഷനു റിപ്പോർട്ടു കൊടുത്തു. പക്ഷേ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഏറ്റവും ഒടുവിൽ സ്വകാര്യ വ്യവസായികളുമായി ചേർന്ന് വീടുകളിൽനിന്നും ചെറിയ പൈസ പിരിച്ച് ഫ്യൂമിഗേഷൻ നടത്താൻ കോർപ്പറേഷൻ തീരുമാനിച്ചു. എന്നിട്ടും സ്വന്തമായി ഒന്നും ചെയ്യാൻ കോർപ്പറേഷനു കഴിയുന്നില്ല. കൊതുകുകളെ സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തണം. അവയെ ശാസ്ത്രീയമായി നശിപ്പിക്കാനുള്ള നടപടികളും ഉണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ച കൊതുകു പഠന ഗവേഷണ കേന്ദ്രം. ആലപ്പുഴയിലും, കോട്ടയത്തും ജപ്പാൻ മസ്തിഷ്ക ജ്വരംമൂലം ആളുകളും മരിച്ചപ്പോൾ ഗവൺമെൻറിനുബോധമുണ്ടായി. കൊതുകു നശീകരണത്തിനുവേണ്ടി രണ്ടുകോടി രൂപ ഗവൺമെൻറ് അനുവദിച്ചു. പക്ഷേ ആ തുക കടലിൽ കായം കലക്കുന്നതുപോലെയാണ്. കേരളത്തിലെ കോർപ്പറേഷനുകൾക്കും, മുനിസിപ്പാലിറ്റിക്കുമായി രണ്ടുകോടി രൂപ വീതിച്ചു കൊടുക്കുമ്പോൾ ഒരു സ്ഥലത്തും ഒരു പ്രവർത്തനവും നടത്താൻ പറ്റാത്ത സ്ഥിതിയാണ്. രണ്ടുകോടി രൂപയ്ക്കു പകരം ഒരു അഞ്ചുകോടി രൂപയെങ്കിലും മൂലധനമാക്കി, കൊച്ചി ആസ്ഥാനമാക്കി ഒരു കൊതുകു നിയന്ത്രണ നശീകരണ ബോർഡ് രൂപീകരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. അല്ലാതെ ഈ ഗവൺമെൻറ് കൊടുക്കാൻ പോകുന്ന തുക കൊണ്ട് യാതൊരു പ്രയോജനവുമില്ല. കോർപ്പറേഷൻകാർ അതൊന്നിനും ഉപയോഗിക്കാൻ പോകുന്നില്ല. അതു കൊണ്ട് ആ തുക അപര്യാപ്തമാണ്. കൊതുകളെ നശിപ്പിക്കാനും, കൊതുകുകളെപ്പറ്റി പഠിക്കാനും, ഈ വിപത്ത് ഈ സംസ്ഥാനത്ത് നിന്ന് ഒഴിവാക്കാനും വേണ്ടി മാത്രമായി, കൊച്ചി ആസ്ഥാനമാക്കി ഒരു കൊതുകു നിയന്ത്രണ നശീകരണ ബോർഡ് അടിയന്തിരമായി യുദ്ധകാലാടിസ്ഥാനത്തിൽ രൂപീകരിച്ച് ആ തുക അതിലേക്ക് വക കൊള്ളിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. കൊച്ചി നഗരവാസികളെയും, പ്രാന്ത പ്രദേശങ്ങളിലുള്ള നിവാസികളെയും അതിരൂക്ഷമായ ശല്യത്തിൽനിന്നും രക്ഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ബഹുമാനപ്പെട്ട ജോർജ് ജ ഈഡൻ കൊതുകു ശല്യത്തെക്കുറിച്ചു പറഞ്ഞു. കൊച്ചിയിൽ പ്രത്യേകമായി വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നത് കൊതുകുശല്യം കൊണ്ടാണ്. ഏറ്റവുമധികം കൊതുകുശല്യമുള്ളത് ഇപ്പോൾ കൊച്ചിയിലാണ്: അതുകൊണ്ട് പ്രത്യേകമായി അതിനുള്ള നടപടികളും ആവശ്യമുണ്ട്. ഇന്ന് കൊതുകു നശീകരണ ബോർഡ് എന്നുള്ളത് കൊതുകിനേക്കാൾ വലിയ ഉപദ്രവമായി മാറുമോ എന്നുള്ളത് നോക്കേണ്ടിയിരിക്കുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശത്തിൽ കൂടുതൽ അറേൻഷൻ വേണം. അതിൽ ശദ്ധ കൂടുതൽ ഉണ്ടായാൽ മാത്രമേ ടാർജറേഡ് ആയിട്ടുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടക്കുകയുള്ളൂ. അതിനുവേണ്ട നടപടികൾ എടുക്കാം. കൊതുകു നശീകരണ ബോർഡിനുവേണ്ടി ഡവലപ്മെൻറ് അതോറിറ്റികളേയും മുനിസിപ്പൽ കോർപ്പറേഷനുകളേയും ഏകോപിപ്പിച്ചുകൊണ്ട് ഒരു ടാർജറേഡ് എഫർട്ടിനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മെമ്പറോടു പറയാൻ ആഗ്രഹിക്കുന്നു. കൊച്ചി ആസ ഥാനമാക്കിത്തന്നെ ഈ എഫർട്ടുകൾ നടക്കേണ്ടതായിട്ടുണ്ട് എന്നുള്ളതിന് യാതൊരു സംശയവുമില്ല. കൊച്ചി നഗരത്തിലും അതുപോലെ തന്നെ മറ്റു നഗരങ്ങളിലുമുള്ള കൊതുകു വർദ്ധനവ് തടയാൻ കാലികമായ മാർഗ്ഗങ്ങൾ നോക്കേണ്ടതുണ്ട്. ഇതിനിടെ രണ്ടുകോടി ഉറുപ്പിക കൊടുത്തത് ജില്ലാ കളക്ടർമാർ മുഖാന്തിരം ജില്ലകൾക്കാണ്. അതുകൊണ്ടൊന്നും ആയില്ല. ക്ലീനിംഗിനും ബാക്കി കാര്യങ്ങൾക്കും ഒക്കെയായി അവർ നടത്തുന്ന സാധാരണ പ്രവർത്തനങ്ങൾക്ക് ഒരു സാമ്പത്തിക സഹായമെന്നേയുള്ളൂ. മദിരാശി നഗരത്തിൽ ഇപ്പോൾ അവർ പതിനാറോളം ഫോഗിംഗ് മെഷീൻ ഉപയോഗിക്കുന്നുണ്ട്.

സർ, അപ്പോൾ വളരെ വേഗം ചെയ്യാവുന്ന ഒരു നടപടിയെന്ന് പറയുന്നത് എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ആവശ്യമായ ഫോഗിംഗ് മെഷീൻ വാങ്ങിക്കുകയെന്നുള്ളതാണ്. ഫോഗിംഗ് മെഷീൻ വാങ്ങാൻ അവർക്ക് പണമില്ല. സ്പെസിഫിക്കായിട്ട് ഈ ഒരു പർപ്പസിനു വേണ്ടി സാമ്പത്തികസഹായം നൽകുന്ന കാര്യം ഗവൺമെൻറ് ആലോചിക്കും. എല്ലാ നഗരസഭകളിലും കോർപ്പറേഷനുകളിലും ഫോഗിംഗ് മെഷീൻ വാങ്ങിക്കണം. അതിനുവേണ്ടി സ്പെസിഫിക്കായിട്ട് ഒരു ഗ്രാൻറ് കൊടുക്കുന്ന കാര്യം പരിഗണിച്ചുവരുന്നുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായിട്ട് ഞാൻ ഇന്ന് രാവിലെ സംസാരിച്ചു. ആദ്യഗഡു എന്നുള്ള നിലയ്ക്ക് കൊതുക് നിവാരണത്തിന് രണ്ടു കോടി രൂപ കൊടുത്തു. ഇനി കൊടുക്കുന്നത് ഫോഗിംഗ് മെഷീൻ വാങ്ങാനായിരിക്കണമെന്നുള്ള നിർദ്ദേശമുണ്ട്. അത് ഗവൺമെൻറ് കാര്യമായി പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം ഉൾക്കൊണ്ടുകൊണ്ട് ഇക്കാര്യത്തിൽ ഒന്നുകൂടി മെച്ചപ്പെട്ട പ്രവർത്തനം നടത്താൻ ഗവൺമെൻറ് ശ്രദ്ധിക്കുമെന്ന് ഞാൻ ഉറപ്പു നൽകുന്നു.

ശ്രീ. ജോർജ്ജ് ഈഡൻ : സർ, കൊതുക് നശീകരണത്തിന്റെ കാര്യത്തിൽ നഗരസഭ പറയുന്നത് പണമില്ല, ഉപകരണങ്ങളില്ല എന്നാണ്. നഗരവാസികൾ കൊതുക്തിരി, ആമത്തിരി, ഗുഡ്നൈറ് ഇവയൊക്കെ വാങ്ങാൻ ഒരു തുക ചെലവഴിക്കുന്നുണ്ട്. കൊച്ചിൻ കോർപ്പറേഷനു കൊതുകു നികൃതി എന്ന പേരിൽ ഒരു ചെറിയ തുക നികുതി ചുമത്താനും അതുവഴി ഫലപ്രദമായ കൊതുക് നിവാരണ മാർഗ്ഗങ്ങൾ സ്വീകരിക്കാനുമുള്ള അനുവാദം കൊടുക്കുമോ ?

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, അത് വളരെ അൺപോപ്പുലറാകുമെന്നാണ് എനിക്കു തോന്നുന്നത്. കൊതുക് നികുതി എന്ന് പറയാൻ നഗരസഭകൾ ഇഷ്ടപ്പെടുമോയെന്ന് എനിക്കു അറിഞ്ഞുകൂടാ. എന്തായാലും സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ നമുക്ക് നോക്കാവുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഒന്നും രണ്ടും സബ്മിഷനു മറുപടി പറയേണ്ട ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാര്യോപദേശക സമിതിയിൽ സംബന്ധിച്ചിരിക്കുന്നതുകൊണ്ട് മൂന്നാമത്തെ സബ്മിഷൻ ആദ്യം എടുക്കാം.

വ്യവസായവും മുനിസിപ്പാലിറ്റിയും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, എനിക്കും കാര്യോപദേശക സമിതിയിൽ പങ്കെടുത്താൽ കൊള്ളാമെന്നുണ്ട്. അതുകൊണ്ട് ഞാൻ മറുപടി പറയേണ്ട സബ്മിഷൻ ആദ്യം എടുത്താൽ കൊള്ളാമായിരുന്നു. സബ്മിഷൻ ഉന്നയിക്കേണ്ട ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രിക്കും കാര്യോപദേശക സമിതിയിൽ പങ്കെടുക്കേണ്ടതുള്ളതുകൊണ്ട് 5-ാമത്തെ സബ്മിഷൻ ആദ്യം എടുക്കാം.

VI സബ്മിഷൻ

(1) ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ

ശ്രീ. സി. പി. നാരായണൻ : സർ, ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കീഴിലുള്ള തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ തികച്ചും അപര്യാപ്തമാണ്. ഏറ്റവും ചുരുങ്ങിയ വേതനമാണ് ഖാദി നൂൽ നൂൽപ്പ് തൊഴിലാളികൾക്ക് കിട്ടിക്കൊണ്ടിരിക്കുന്നത്. മിനിമം കൂലിയും ജീവിതസൂചികയുടെ അടിസ്ഥാനത്തിൽ ക്ഷാമബത്തയും നൽകണമെന്ന് മുമ്പുതന്നെ ആവശ്യപ്പെട്ടിട്ടുള്ളതാണ്. അത് ഇതുവരെയും പരിഹരിച്ചിട്ടില്ല. ഈ രംഗത്ത് തൊഴിൽ ചെയ്യുന്ന തൊഴിലാളികളിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. മാത്രമല്ല, എസ്. എസ്. എൽ. സി. വരെയും അതിനുമുകളിലും പഠിച്ചിട്ടുള്ള പെൺകുട്ടികളാണ് വേറെ യാതൊരു ജോലിയും കിട്ടാത്തതുകൊണ്ട് ഈ ജോലിക്ക് വരുന്നത്. ഇത് മാന്യമായ ജോലിയാണെന്നോ തൃപ്തികരമായ വേതനം കിട്ടുമെന്നോ ഉള്ള പ്രതീക്ഷയോടെയല്ല ഇതിൽ വന്നിട്ടുള്ളത്. പട്ടിണി കിടക്കുന്ന അവസരത്തിൽ ഒരു നേരത്തെ ആഹാരത്തിനുവേണ്ടി ഈ ജോലിക്ക് വന്നതാണ്. എന്നാൽ, ഇപ്പോൾ ഈ ജോലിയും ഇല്ലാത്ത സ്ഥിതി സംജാതമായിരിക്കുകയാണ്. തൊഴിൽദാന പദ്ധതി അനുസരിച്ച് നാട്ടുകാർ സംഭാവന ചെയ്ത സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങളിലാണ് ഇന്ന് തൊഴിലാളികൾ പണി എടുക്കുന്നത്. ആ തൊഴിൽശാലകളിലുള്ള പഴക്കംചെന്ന ചർക്കകളും ലൂമുകളും മാറുന്നില്ല. പഴക്കമുള്ള ചർക്കകൾ റിപ്പയർ ചെയ്യാതെ തൊഴിൽ ചെയ്യാൻ കഴിയുന്നില്ല. തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സ്ഥിതിയാണുള്ളത്. ആവശ്യാനുസരണം താപ്പും നൂലും പാവും നൽകാത്തതുകൊണ്ട് തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ക്ഷേമനിധി ബോർഡിലേക്ക് ഖാദി ബോർഡ് അടയ്ക്കേണ്ട തുക അടയ്ക്കാത്തതുകൊണ്ട് തൊഴിലാളികൾക്ക് അതിന്റെ ആനുകൂല്യവും കിട്ടുന്നില്ല. തൊഴിലാളികൾ അടച്ച തുകപോലും ഖാദി ബോർഡ് അടച്ചിട്ടില്ല. ഖാദി മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികൾ അവരുടെ വരുമാനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രക്ഷോഭണം നടത്തിയതിന്റെ ഫലമായി ഗവൺമെന്റ് നിയോഗിച്ച ഭരത്ഭൂഷൺ കമ്മിഷൻ അന്വേഷണം നടത്തി ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിച്ചുവെങ്കിലും ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ആ റിപ്പോർട്ട് അടിയന്തിരമായി നടപ്പിൽ വരുത്താമെന്ന് കഴിഞ്ഞ കാലത്ത് ബഹുമാനപ്പെട്ട കരുണാകരന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കൂടിയാലോചിച്ച് തീരുമാനിച്ചതാണ്. അടിയന്തിരമായി അത് നടപ്പിൽ വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മാത്രമല്ല ചർക്കകളുടെ പരിഷ്ക്കരണം വരുത്തണം. അതുപോലെ ടെക്നിക്കൽ ജീവനക്കാരുടെ

LIBRARY ARCHIVES Kerala Legislative Assembly